പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2257 8.3.2017 -ൽ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം പാർക്കിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പാർക്കിനോടു ചേർന്ന് സുനാമി ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുളള പുതിയ പാർക്കിൽ നിന്ന് ബി.ആർ.ഡി.സി.ക്ക് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പാർക്കിനോടു ചേർന്ന് സുനാമി ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുളള പുതിയ പാർക്കിൽ നിന്ന് ബി.ആർ.ഡി.സി. ക്ക് വരുമാനം ലഭിച്ചുതുടങ്ങിയിട്ടില്ല. |
| ബി) | പാർക്ക് എത്ര ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചതാണെന്ന് അറിയിക്കാമോ; | ബി) | പാർക്കിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ടൂറിസം വകുപ്പ് 2 ഘട്ടങ്ങളിലായി ബി.ആർ.ഡി.സിക്ക് 193 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പാർക്ക് ഇതുവരെ ടൂറിസ്റ്റുകൾക്ക് തുറന്നുകൊടുക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്നും ഇതു മൂലം ബി.ആർ.ഡി.സി. ക്ക് ലഭിക്കുമായിരുന്ന വരുമാനത്തിൽ എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ; | സി) | പ്രസ്തുത പാർക്ക് വിനോദസഞ്ചാരികളുടെ ഉപയോഗത്തിന് സജ്ജമല്ലാത്തതിനാൽ ആണ് തുറന്നുകൊടുക്കാൻ കഴിയാത്തത്. വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല. |
| ഡി) | ഈ പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും തുടർ - നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഡി) | വിനോദ സഞ്ചാരികളുടെ ഉപയോഗത്തിന് സജ്ജമാക്കുന്നതിനുളള പ്രവൃത്തികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ